**"ഭരണ ഭാഷ – മാതൃഭാഷ"**

## ഇൻഫർമേഷൻ കേരളാ മിഷൻ

സ്വരാജ് ഭവൻ, ഗ്രൌണ്ട് ഫ്ലോർ,കവടിയാർ.പി.ഒ, നന്ദൻകോട് ,തിരുവനന്തപുരം – 695 003

**28.10.2020 -ന് രാവിലെ 11.00-ന് Zoom വീഡിയോ കോൺഫറൻസ് വഴി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 21–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്.**

**ഓൺലൈൻ യോഗത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.**

| ക്രമ നമ്പർ | പേര് | സ്ഥാനം |
|---|---|---|
| 1 | ശ്രീമതി.ശാരദാ മുരളീധരൻ, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് | **ചെയർ പേഴ്സൺ** |
| 2 | അഡ്വ.കെ.തുളസീഭായ് പത്മനാഭൻ, പ്രസിഡന്റ്, കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ. | **മെമ്പർ** |
| 3 | ശ്രീമതി.കെ.എസ്.ഉഷ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ് | **മെമ്പർ** |
| 4 | ശ്രീ.അജിത് ബ്രഹ്മാനന്ദൻ, സീനിയർ ടെക്നിക്കൽ ഡയറക്ടർ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, തിരുവനന്തപുരം | **മെമ്പർ** |
| 5 | ശ്രീമതി.ഹേമ.വി, അണ്ടർ സെക്രട്ടറി, ഇലക്ട്രോണിക്സ് & ഐ.ടി വകുപ്പ് | **മെമ്പർ** |
| 6 | ഡോ.എസ് ചിത്ര, എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ & ഡയറക്ടർ, ഐ.ടി മിഷൻ | **മെമ്പർ സെക്രട്ടറി** |

**അജണ്ട-1**

**വിഷയം: 12.06.2020 ന് നടന്ന ഇരുപതാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

12.06.2020 ന് കൂടിയ ഇരുപതാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ് ചർച്ചകൾക്കു ശേഷം അംഗീകരിച്ചു.

**അജണ്ട-2**

**വിഷയം: ഇരുപതാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്.**

| അജണ്ട നമ്പർ | വിഷയം | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|---|
| അജണ്ട-2 | പത്തൊൻപതാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്. | 1. മുനിസിപ്പാലിറ്റിയിൽ ജോലി ചെയ്തിരുന്ന ശ്രീമതി.സിനി.ആർ ന്റെ ഇ.പി.എഫ് വിഹിതം കൂടി ഐ.കെ.എം അടച്ചത് ശ്രീമതി.സിനി.ആർ നിന്നും ഈടാക്കുന്നതിന് ശ്രമിക്കേണ്ടതാണെന്ന് കമ്മിറ്റി അറിയിച്ചു. | ശ്രീമതി.സിനി.ആർ ന്റെ ഇ.പി.എഫ് വിഹിതം കൂടി ഐ.കെ.എം അടച്ചത് തവണകളായി തിരികെ അടയ്ക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി.സിനി.ആർ ന് ഒരു കത്ത് കൂടി നൽകിയിട്ടുണ്ട്. |
| | | 2. എല്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗുകളിലും ഐ.കെ.എം ചെയ്ത പ്രവർത്തനങ്ങളുടെ ഒരു റിപ്പോർട്ട് അജണ്ടയായി കൊണ്ടുവരേണ്ടതാണെന്ന് കമ്മിറ്റി അറിയിച്ചു. | ഐ.കെ.എം ചെയ്ത പ്രവർത്തനങ്ങളുടെ ഒരു റിപ്പോർട്ട് 28.10.2020 തീയതിയിൽ ചേരുന്ന 21-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ **അജണ്ട-13** ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. |

| അജണ്ട നമ്പർ | വിഷയം | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|---|
| | | 3.സഞ്ചയ ഡേറ്റാബേസ് പ്യൂരിഫിക്കേഷൻ ചെയ്യുന്നത് നിലവിൽ സോഫ്റ്റ്‌വെയറിൽ ബ്ലോക്ക് ചെയ്തിരിക്കുകയാണ്. ആയത് തുറന്നുകൊടുക്കുന്നതിനുള്ള ക്രമീകരണം ചെയ്യേണ്ടതാണെന്ന് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് അഭിപ്രായപ്പെട്ടു. ഇത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർക്കും, നഗരകാര്യ ഡയറക്ടർക്കും ഐ.കെ.എം കത്ത് നൽകുന്നതിന് തീരുമാനിച്ചു. | കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നിവിടങ്ങളിൽ സഞ്ചയ ഡേറ്റാബേസ് ഇതിനകം തുറന്നു നൽകിയിട്ടുണ്ട് . ഗ്രാമപഞ്ചായത്തുകൾ പഞ്ചായത്ത് ഡയറക്ടർക്ക് കത്ത് നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ഡയക്ടറേറ്റിന്റെ നിർദ്ദേശപ്രകാരം സോഫ്റ്റ്‌വെയർ ഓപ്പൺ ചെയ്തു കൊടുക്കുന്നുണ്ട് .എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും 2020 ജൂൺ 24 മുതൽ ജൂലൈ 10 വരെ സഞ്ചയ ഡേറ്റാബേസ് പ്യൂരിഫിക്കേഷൻ ചെയ്യുന്നതിലേക്കായി സോഫ്റ്റ്‌വെയർ തുറന്നുകൊടുത്തിട്ടുള്ളതാകുന്നു. |
| | | 4.പ്രോജക്റ്റ് അഡ്വാൻസുകൾ ഇനിയും ലഭിക്കാനുള്ളതിൽ മേൽവിലാസക്കാരനെ കണ്ടെത്താനായില്ല എന്ന കുറിപ്പോടെ മടങ്ങിയ കത്തുകളിലും, മറുപടി ലഭിക്കാത്ത കത്തുകളിലും റെവന്യൂ റെക്കവറി നടപടികളുൾപ്പെടെ സ്വീകരിക്കാവുന്നതാണെന്ന് എക്സിക്യൂട്ടീവ് കമ്മിറ്റി അറിയിച്ചു. | മേൽവിലാസക്കാരനെ കണ്ടെത്താനായില്ല എന്ന കുറിപ്പോടെ മടങ്ങിയ കത്തുകളിലും, മറുപടി ലഭിക്കാത്ത കത്തുകളിലും റെവന്യൂ റെക്കവറി നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർക്ക് കത്ത് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

| അജണ്ട നമ്പർ | വിഷയം | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|---|
| | | 5.2013-14 സാമ്പത്തിക വർഷം മുതൽ 2017-18 സാമ്പത്തിക വർഷം വരെയുള്ള ആഡിറ്റഡ് അക്കൌണ്ട്സ് ഐ.കെ.എം വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിൽ ആഡിറ്റ് ക്വറിക്കുള്ള ഐ.കെ.എമ്മിന്റെ മറുപടി കൂടി ബന്ധപ്പെട്ട എല്ലാ ടീമുകളിൽ നിന്നും ഫിനാൻസ് ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവർ ശേഖരിച്ച് വൈബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണെന്ന് ധനകാര്യ വകുപ്പ് പ്രതിനിധി അഭിപ്രായപ്പെട്ടു. | 5. 2014-15 മുതൽ 2017-18 വരെയുള്ള ആഡിറ്റ് ക്വറിക്കുള്ള ഐ.കെ.എമ്മിന്റെ മറുപടി ഐ.കെ.എം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2013-14, 2018-19 എന്നീ വർഷങ്ങളിലെ ഉടൻ തന്നെ പ്രസിദ്ധീകരിക്കുന്നതാണ്. |
| | | 6. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കോടതി കേസുകൾ മോണിറ്റർ ചെയ്യുന്നതിനുള്ള സോഫ്റ്റ്‌വെയറിന്റെ റിക്വയർമെന്റ് സ്റ്റഡി ഇതുവരെ നടത്തിയിട്ടില്ല .ആയത് ഒരു മാസത്തിനുള്ളിൽ പൂർത്തീകരിക്കണമെന്ന് ചെയർപേഴ്സൺ നിർദ്ദേശം നൽകി. | എൻ.ഐ.സിയുമായി 15.10.2020 തീയതിയിൽ വീഡിയോ കോൺഫറൻസ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ എൻ.ഐ.സി മറ്റ് വകുപ്പുകൾക്ക് വേണ്ടി കോടതി കേസുകൾ മോണിറ്റർ ചെയ്യുന്നതിനുള്ള സോഫ്റ്റ്‌വെയർ വികസിപ്പിച്ച് നൽകിയിട്ടുണ്ട് എന്നും, പ്രസ്തുത സോഫ്റ്റ്‌വെയർ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കേസുകൾ മോണിറ്റർ ചെയ്യുന്നതിന് ഉപയോഗിക്കാവുന്നതാണെന്ന് വിലയിരുത്തി. |
| അജണ്ട-3 | സങ്കേതം ബിൽഡിംഗ് പെർമ്മിറ്റ് ആപ്ലിക്കേഷൻ ഓൺലൈൻ, Intelligent & Automated ആക്കുന്നതിനുള്ള പ്രൊപ്പോസൽ സംബന്ധിച്ച്. | കോഴിക്കോട് കോർപ്പറേഷനിൽ നിലവിൽ ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനായി ഉപയോഗിക്കുന്ന സുവേഗ സോഫ്റ്റ്‌വെയറിന്റെ സോഴ്സ് കോഡ് ഐ.കെ.എമ്മിന് ഷെയർ ചെയ്യും എന്ന വ്യവസ്ഥയ്ക്ക് വിധേയമായി സുവേഗ സോഫ്റ്റ്‌വെയർ ടീമുമായി ചർച്ച നടത്തുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. | സുവേഗ - സങ്കേതം എന്നീ സോഫ്റ്റ്‌വെയറുകൾ തമ്മിലുള്ള താരതമ്യവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |

| അജണ്ട നമ്പർ | വിഷയം | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|---|
| അജണ്ട-4 | സ്വകാര്യ തീയേറ്ററുകളിൽ ഇ-ടിക്കറ്റിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനുള്ള അനുമതി സംബന്ധിച്ച്. | കേസിന്റെ നിലവിലുള്ള സ്ഥിതി പരിശോധിച്ചതിനു ശേഷം കോടതി വിധിക്ക് വിധേയമായി ഇ-ടിക്കറ്റിംഗ് പ്രോജക്ടിലേക്ക് സീനിയർ ഡെവലപ്പർ, ജൂനിയർ ഡെവലപ്പർ എന്നീ തസ്തികകളിൽ കേരളാ സർവ്വീസ് ചട്ടം ഭാഗം 1-അപ്പന്റിക്സ് VIII ൽ പറയുന്ന കോൺട്രാക്ട് എഗ്രിമെന്റ് പ്രകാരം ഒരു വർഷത്തേക്ക് മാത്രമായും, Customer Support Agent (Technical), Accountant എന്നീ തസ്തികകളിലേക്ക് ആദ്യം ഒരു വർഷത്തേക്കും അതിനു ശേഷം ആവശ്യകതയ്ക്കനുസരിച്ച് കേരളാ സർവ്വീസ് ചട്ടം ഭാഗം 1-അപ്പന്റിക്സ് VIII ലെ വ്യവസ്ഥകൾക്ക് വിധേയമായി പത്രപരസ്യം, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് തീരുമാനിച്ചു . ഇങ്ങനെ എടുക്കുന്ന ജീവനക്കാരുടെ ശമ്പളവും മറ്റ് അനുബന്ധ ചെലവുകളും ഈ പ്രോജക്ടിന് ലഭിക്കുന്ന വരുമാനത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്. | സ്വകാര്യ തീയേറ്ററുകളിൽ ഇ-ടിക്കറ്റിംഗ് സംവിധാനം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ സ്റ്റേ ചെയ്തിരിക്കുകയാണ് . ആയതിനാൽ ഈ ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ താത്കാലികമായി മരവിപ്പിച്ചിരിക്കുന്നു .ഇതുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസ് തീരുന്നമുറയ്ക്ക് പ്രവർത്തനം പുനരാരംഭിക്കുന്നതാണ്. |
| അജണ്ട-5 | ILGMS, CMLRRP, RABC, KSSM-disability Census തുടങ്ങിയ പ്രോജക്ടുകളിലേക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നത് സംബന്ധിച്ച്. | Project Target, Action plan, Existing staff strength, New project details, no. of people required for new recruitment, whether salary will be met from own fund / plan fund എന്നിവ ഉൾപ്പെടുത്തിയ പുതുക്കിയ പ്രൊപ്പോസൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് സമർപ്പിക്കാൻ നിർദ്ദേശിച്ചു. | 27.10.2020 ലെ നം.1744/ഇ4/2020/ഐ.കെ.എം. കത്ത് പ്രകാരം പ്രൊപ്പോസൽ സർക്കാരിലേക്ക് നൽകിയിട്ടുണ്ട്. |

| അജണ്ട നമ്പർ | വിഷയം | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|---|
| അജണ്ട-6 | ഐ.കെ.എമ്മിൽ ഡേറ്റാ സെന്റർ മാനേജ്മെന്റ് / ഡാറ്റാബേസ് മാനേജ്മെന്റ് / സെർവർ മാനേജ്മെന്റ് എന്നീ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച്. | അംഗീകരിച്ചു. തസ്തിക, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, ശമ്പളം എന്നിവ ഉൾപ്പെടുത്തിയ പ്രൊപ്പോസൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശയോടുകൂടി ധനകാര്യ വകുപ്പിലേക്ക് അയക്കുന്നതിന് തീരുമാനിച്ചു. | 27.10.2020 ലെ നം.1745/ഇ4/2020/ഐ.കെ.എം കത്ത് പ്രകാരം പ്രൊപ്പോസൽ സർക്കാരിലേക്ക് നൽകിയിട്ടുണ്ട്. |
| അജണ്ട-7 | ഐ.കെ.എമ്മിലെ Functional Designation Organogram അംഗീകരിക്കുന്നത് സംബന്ധിച്ച്. | എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ചർച്ച ചെയ്ത പ്രകാരം Functional Designation Organogram പുതുക്കിയത് പ്രിൻസിപ്പൽ സെക്രട്ടറിക്ക് അംഗീകാരത്തിനായി നൽകാൻ നിർദ്ദേശിച്ചു. | 14.10.2020 ലെ നം.2023/COA/2020/ഐ.കെ.എം കത്ത് മുഖേന Functional Designation Organogram പുതുക്കിയത് പ്രിൻസിപ്പൽ സെക്രട്ടറിക്ക് അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. |
| അജണ്ട-10 | ഐ.കെ.എം ജീവനക്കാർക്ക് സർവ്വീസ് റൂൾസ് രൂപീകരിക്കുന്നത് സംബന്ധിച്ച്. | ഐ.കെ.എം ജീവനക്കാർക്ക് സർവ്വീസ് റൂൾ രൂപീകരിക്കുന്നതിനായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര / ധനകാര്യ വകുപ്പിൽ നിന്ന് വിരമിച്ച ഒരു ഉദ്യോഗസ്ഥനെ സർവ്വീസ് റൂൾസ് തയ്യാറാക്കുന്നതിനായി സർവ്വീസ് കൺസൽട്ടന്റായി നിയമിക്കുന്നതിന് ഹോണറേറിയം, സമയ പരിധി എന്നിവ ഉൾപ്പെടുത്തിയ ഒരു കത്ത് ഉത്തരവിനായി സർക്കാരിലേക്ക് നൽകുന്നതിന് തീരുമാനിച്ചു. | എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം പരിശോധിക്കവെ, 03.07.2020 ലെ സ.ഉ.(സാധാ)നം.1332/2020/ധന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് കൺസൾട്ടന്റിനെ നിശ്ചയിക്കുന്നതിന് മാർഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് കൺസൾട്ടന്റിനെ തെരഞ്ഞെടുത്തിട്ടുണ്ട്. |
| അജണ്ട-11 | എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കീഴിൽ വരുന്ന പ്രധാനപ്പെട്ട തസ്തികകൾ വഹിക്കുന്ന ഉദ്യോഗസ്ഥർക്ക് സാമ്പത്തികവും, ഭരണപരവുമായ അധികാരങ്ങളും ചുമതലകളും ആവശ്യാനുസരണം ഡെലിഗേറ്റ് ചെയ്യുന്നത് എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നൽകുന്നത് സംബന്ധിച്ച്. | എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ചർച്ച ചെയ്ത പ്രകാരം ഭേദഗതികളോടെ അംഗീകരിച്ചു. | എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ചർച്ച ചെയ്ത പ്രകാരം ഭേദഗതികളോടെ ഉത്തരവ് പുറപ്പെടുവിച്ചു |

| അജണ്ട നമ്പർ | വിഷയം | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|---|
| **അജണ്ട-12** | ഐ.കെ.എമ്മിലെ ജീവനക്കാർക്ക് KGSMA Rules പ്രകാരമുള്ള മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച്. | KGSMA Rules പ്രകാരമുള്ള മെഡിക്കൽ റീ ഇംപേഴ്സ്മെൻറ് ആനുകൂല്യങ്ങൾ ഐ.കെ.എമ്മിലെ ജീവനക്കാർക്ക് നൽകുന്നതിനായി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശയോടുകൂടി സർക്കാരിലേക്ക് അയക്കുന്നതിന് തീരുമാനിച്ചു. | എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 27.08.2020 ലെ 2405/ഇ-4/2020/ ഐ.കെ.എം നമ്പർ കത്ത് സർക്കാരിലേക്ക് നൽകിയിട്ടുണ്ട്. |
| **അജണ്ട-13** | ഐ.കെ.എമ്മിലെ ടെക്നിക്കൽ ഓഫീസറായ ശ്രീ.പി.ജി.രാജഗോപാലിന്റെ അമ്മയുടെ ചികിൽസാ ചെലവ് റീ-ഇംബേഴ്സ്മെന്റ് ചെയ്യുന്നത് സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനായി. | ശ്രീ.രാജഗോപാലിന്റെ അമ്മയുടെ ചികിൽസാ ചെലവ് ഇനത്തിൽ അനുവദനീയമായ തുകയായ 1,38,587/- രൂപ റീഇംബേഴ്സ് ചെയ്ത് നൽകുന്നതിന് അനുമതി നൽകി. | എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 1,38,587/- രൂപ അനുവദിച്ചുകൊണ്ടുള്ള 09.09.2020 ലെ നം.386/ഇ-4/2020/ ഐ.കെ.എം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| **അജണ്ട-14** | ഐ.കെ.എമ്മിലെ ജീവനക്കാർക്ക് ഗ്രൂപ്പ് ഹെൽത്ത് ഇൻഷുറൻസ് നടപ്പിലാക്കുന്നത് സംബന്ധിച്ച്. | ഐ.കെ.എമ്മിലെ ജീവനക്കാരൻ/ജീവനക്കാരി, അവരുടെ ഭർത്താവ് / ഭാര്യ, കുട്ടികൾ എന്നിവർ അടങ്ങുന്ന കുടുംബത്തിന് ഗ്രൂപ്പ് മെഡിക്കൽ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി പ്രൊപ്പോസൽ എക്സിക്യൂട്ടീവ് കമ്മിറ്റി ശുപാർശയോടുകൂടി സർക്കാരിലേക്ക് അയക്കുന്നതിന് തീരുമാനിച്ചു. | സർക്കാരിലേക്ക് പ്രൊപ്പോസൽ നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

| അജണ്ട നമ്പർ | വിഷയം | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|---|
| അജണ്ട-15 | ശ്രീ.മുരുകദാസും കൂട്ടരും ഫയൽ ചെയ്ത WP (C) No.2015/31809, WP(C) No. 2018/36595നമ്പർ കേസുകളിൽ മേലുള്ള ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കുന്നത് സംബന്ധിച്ച്. | ശ്രീ.മുരുകദാസും കൂട്ടരും ഫയൽ ചെയ്ത WP(C)No.31809/2015 നമ്പർ കേസിന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 20.03.2018 ലെ വിധിന്യായം നടപ്പിലാക്കി 20.07.2018 തീയതിയിലെ സ.ഉ(സാധാ)നം.1981/2018/ത സ്വഭവ നമ്പർ സർക്കാർ ഉത്തരവിന്റെ ഫയൽ ധനകാര്യ വകുപ്പിലേക്ക് അയച്ചിട്ടില്ല എന്ന് ധനകാര്യവകുപ്പ് പ്രതിനിധി അഭിപ്രായപ്പെട്ടു. ആയതിനാൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന് കൂടുതൽ സമയം ബഹു. ഹൈക്കോടതിയിൽ നിന്നും ആവശ്യപ്പെടുന്നതിനും, സർക്കാരിന് സാമ്പത്തിക ബാധ്യത വരുന്നതായതിനാൽ പ്രസ്തുത കേസ് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ധനകാര്യവകുപ്പിനെക്കൂടി അറിയിച്ച് വ്യക്തത തേടുന്നതിനും, അതോടൊപ്പം ഈ കേസിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. | എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാന പ്രകാരം 07.01.2020 ലെ ബഹു.ഹൈക്കോടതി വിധിന്യായത്തിന് എതിരെ റിട്ട്. അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ 26.08.2020 ലെ നം.3766/ഇ4/2020/ഐ.കെ.എം നമ്പർ കത്ത് പ്രകാരം വിശദമായ റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. |
| അജണ്ട-17 | ഐ.കെ.എമ്മിലെ ജീവനക്കാർക്ക് മുൻകാല പ്രാബല്യത്തിൽ ഗ്രാറ്റുവിറ്റി അനുവദിക്കുന്നത് സംബന്ധിച്ച്. | 18.02.2019 ന് മുൻപ് ഐ.കെ.എം സർവ്വീസിൽ നിന്നും വിരമിച്ചവർ / സേവനം അവസാനിപ്പിച്ച ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ആനുകൂല്യത്തിന് അർഹനനാണോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തി നൽകുന്നതിന് തീരുമാനിച്ചു. ഇങ്ങനെ നൽകുന്ന ജീവനക്കാരിൽ മുൻകാലങ്ങളിൽ ഐ.കെ.എമ്മിൽ നിന്നും എടുത്ത പ്രോജക്റ്റ് അഡ്വാൻസ് സെറ്റിൽ ചെയ്യാനുള്ളത് ഉണ്ടോ എന്നുകൂടി പരിശോധിക്കേണ്ടതാണ്. | എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 22.09.2020 ലെ 395/ഇ4/2017/ഐകെഎം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| അജണ്ട നമ്പർ | വിഷയം | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|---|
| അജണ്ട-18 | ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാർക്ക് പെറ്റേണിറ്റി ലീവ് അനുവദിക്കുന്നത് സംബന്ധിച്ച്. | ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാർക്ക് പെറ്റേണിറ്റി ലീവ് അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ പരിഗണനയ്ക്കായി നൽകുന്നതിന് തീരുമാനിച്ചു. | എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 27.08.2020 ലെ നം.1653/ഇ-4/2020/ഐ.കെ.എം നമ്പർ കത്ത് സർക്കാരിലേക്ക് നൽകിയിട്ടുണ്ട്. |
| അജണ്ട-19 | ശ്രീമതി.വിനീത.കെ.ആർ, ടെക്നിക്കൽ ഓഫീസർ ഗ്രേഡ്-III, കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത്, എറണാകുളം ആർജ്ജിത അവധി മെഡിക്കൽ ഗ്രൌണ്ടിൽ അനുവദിക്കുന്നത് സംബന്ധിച്ച്. | ഏറണാകുളം ജില്ലയിലെ കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിൽ ടെക്നിക്കൽ ഓഫീസർ ഗ്രേഡ് III ആയ ശ്രീമതി.വിനീത.കെ.ആർ 03.04.2019 മുതൽ 08.08.2019 വരെയുള്ള 128 ദിവസത്തെ ആർജ്ജിത അവധിയും, 09.08.2019 മുതൽ 31.10.2019 വരെയുള്ള 84 ദിവസത്തെ ശൂന്യവേതന അവധിയും ഉൾപ്പെടെ 212 ദിവസത്തെ മെഡിക്കൽ ഗ്രൌണ്ടിലുള്ള അവധി അനുവദിക്കുന്നതിന് സർക്കാരിലേക്ക് അയക്കുന്നതിന് തീരുമാനിച്ചു. | ശ്രീമതി.വിനീത.കെ.ആർ 03.04.2019 മുതൽ 08.08.2019 വരെയുള്ള 128 ദിവസത്തെ ആർജ്ജിത അവധിയും, 09.08.2019 മുതൽ 31.10.2019 വരെയുള്ള 84 ദിവസത്തെ ശൂന്യവേതന അവധിയും ഉൾപ്പെടെ 212 ദിവസത്തെ മെഡിക്കൽ ഗ്രൌണ്ടിലുള്ള അവധി അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനത്തിനായുള്ള കത്തും അനുബന്ധ രേഖകളും നം.2152/ഇ2/2020/ഐകെഎം തീയതി 28.08.2020 ആയി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. |
| അജണ്ട-20 | ഐ.കെ.എം ലെ ജീവനക്കാർക്ക് ആർജ്ജിത അവധി സറണ്ടർ അനുവദിക്കുന്നത് സംബന്ധിച്ച്. | ഐ.കെ.എം ജീവനക്കാർക്ക് കേരളാ സർവ്വീസ് ചട്ടം ഭാഗം-1 അപ്പന്റിക്സ് VIII പ്രകാരമുള്ള അവധി ആനുകൂല്യങ്ങൾ മാത്രമേ അനുവദിക്കുന്നതിന് കഴിയുകയുള്ളൂ എന്ന് ധനകാര്യ വകുപ്പ് പ്രതിനിധി അറിയിച്ചു. ഇത് സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തുന്നതിന് സർക്കാരിലേക്ക് വിശദമായ കത്ത് നൽകുന്നതിന് യോഗം ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. | 24.08.2020 ലെ തസ്വഭവ-ഐബി.1/268/2018-തസ്വഭവ നമ്പർ സർക്കാരിൽ നിന്ന് ലഭിച്ച കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 05.10.2020 ലെ നം.420/ഇ4/2020/ ഐ.കെ.എം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് |

| അജണ്ട നമ്പർ | വിഷയം | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|---|
| അജണ്ട-27 | സർക്കാർ ഉത്തരവിന് വിധേയമായി ഐ.കെ.എം സെക്യൂരിറ്റി ജീവനക്കാരുടെ ദിവസവേതനം വർദ്ധിപ്പിച്ച് നൽകിയ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്. | 1. KEXCON മുഖേന ഐ.കെ.എമ്മിൽ നിയോഗിച്ചിട്ടുള്ള 3 സെക്യൂരിറ്റി ജീവനക്കാർക്ക് ജൂലൈ 2019 മുതൽ ഫെബ്രുവരി 2020 വരെയുള്ള കുടിശ്ശിക വേതനം നൽകുന്നതിന് അനുമതി നൽകി.<br>2. 09.07.2019 ലെ സ.ഉ(അച്ചടി)നം. 81/2019/ധന, 30.08.2019 ലെ സ.ഉ(അച്ചടി) നം.119/2019/ധന എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 2020 മാർച്ച് മാസം മുതൽ 740/- രൂപ നിരക്കിൽ വേതനവും, അതോടൊപ്പം തന്നെ 27 ദിവസത്തിന് ശേഷം അധിക ദിവസം ഔദ്യോഗിക കൃത്യനിർവഹണം വഹിക്കുന്ന സാഹചര്യത്തിൽ, മേലധികാരിയുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അധിക വേതനം അനുവദിച്ച നടപടിയ്ക്ക് സാധൂകരണം നൽകി. | സെക്യൂരിറ്റി ജീവനക്കാർക്ക് ജൂലൈ 2019 മുതൽ ഫെബ്രുവരി 2020 വരെയുള്ള കാലയളവിലുള്ള കുടിശ്ശിക വേതനം 05.08.2020 ലെ ഉത്തരവ് നം.332/ഇ1/2020/ ഐകെഎം പ്രകാരം അനുവദിച്ചിട്ടുണ്ട്. |
| അജണ്ട-28 | ഇൻഫർമേഷൻ കേരള മിഷനിലേയ്ക്ക് ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിൽ ക്വട്ടേഷൻ വിളിച്ച് വാഹനം ലഭ്യമാക്കിയ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്. | ഇൻഫർമേഷൻ കേരള മിഷന്റെ ഓഫീസിലേയ്ക്ക് ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിൽ ക്വട്ടേഷൻ വിളിച്ച് ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ തുക രേഖപ്പെടുത്തിയ ശ്രീ.സുനിത് എ എസിന്റെ ഉടമസ്ഥതയിലുള്ള KL-20 M 4336 (Maruti Suzuki tour diesel Swift Desire BSIV2017) എന്ന വാഹനം ഏർപ്പെടുത്തിയതിൽ കുറഞ്ഞ ദൂരമായ 850 കി.മീറ്ററിന് ശേഷമുള്ള ഓരോ അധിക കി.മീറ്ററിനും 15.00 രൂപ നൽകുന്നത് പുന:പരിശോധിക്കേണ്ടതാണെന്ന് ധനകാര്യ വകുപ്പ് പ്രതിനിധി അറിയിച്ചു. | നിലവിലുള്ള കരാർ കാലാവധി 31.01.2021 ൽ അവസാനിക്കുന്ന സാഹചര്യത്തിൽ കരാർ കാലാവധി പൂർത്തിയാകുന്ന മുറക്ക് പുതുക്കിയ ക്വൊട്ടേഷൻ വിളിച്ച കുറഞ്ഞ ക്വോട്ട് ചെയ്യുന്ന വാഹന ഉടമയുമായി കരാറിൽ ഏർപ്പെടാവുന്നതും, അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഈ വിഷയം സമർപ്പിക്കാവുന്നതുമാണ്. |

| അജണ്ട നമ്പർ | വിഷയം | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|---|
| അജണ്ട-29 | 2020-2021 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അംഗീകരിക്കുന്നത് സംബന്ധിച്ച്. | ഐ.കെ.എമ്മിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് തയ്യാറാക്കിയത് യഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ലെന്ന് ധനകാര്യ വകുപ്പ് പ്രതിനിധി അറിയിച്ചു. അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിക്കാൻ തീരുമാനിച്ചു. | പുതുക്കിയ ബഡ്ജറ്റ് 28.10.2020 തീയതിയിൽ ചേരുന്ന 21-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ **അജണ്ട-3** ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. |

**തീരുമാനം**

ഇരുപതാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്സ് പ്രകാരം സ്വീകരിച്ച അനന്തര നടപടികൾ കമ്മിറ്റി അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി. അജണ്ട-11 ൽ സ്വീകരിച്ച നടപടിയുടെ ഉത്തരവിന്റെ കോപ്പി ധനകാര്യ വകുപ്പ് പ്രതിനിധിക്ക് നൽകുന്നതിന് ചെയർപേഴ്സൺ നിർദ്ദേശിച്ചു.

**അജണ്ട-3**

**വിഷയം: ഐ.കെ.എമ്മിന്റെ 2018-19 സാമ്പത്തിക വർഷത്തെ ആഡിറ്റ് ചെയ്ത വരവ്, ചെലവ് കണക്ക്, ബാലൻസ് ഷീറ്റ് എന്നിവ അംഗീകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

**അംഗീകരിച്ചു.**

**അജണ്ട-4**

**വിഷയം: 2020-2021 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അംഗീകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

2020-2021 വർഷത്തെ ഐ.കെ.എം ബഡ്ജറ്റ് വിശദമായി ചർച്ച ചെയ്തത് അംഗീകരിച്ചു.

**അജണ്ട -5**

**വിഷയം: ഐ.കെ.എമ്മിലെ ജീവനക്കാർക്ക് സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടം, 1960 ലെ KCSCC&A Rules എന്നിവ ബാധകമാക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

ധനകാര്യ (റൂൾസ്) വകുപ്പിലേക്ക് അയച്ച് അനുമതി തേടുന്നതിന് തീരുമാനിച്ചു.

അജണ്ട -6

**വിഷയം: കോഴിക്കോട് കോർപ്പറേഷനിലെ ജൂനിയർ ടെക്നിക്കൽ ഓഫീസറായ ശ്രീ.എം. രജീന്ദ്രന്റെ അച്ചടക്ക നടപടി തീർപ്പാക്കുന്നത് സംബന്ധിച്ച്.**

തീരുമാനം

ധനകാര്യ (റൂൾസ്) വകുപ്പിലേക്ക് അയക്കുന്നതിന് തീരുമാനിച്ചു.

അജണ്ട -7

**വിഷയം: സോഫ്റ്റ്‌വെയർ ഡിവിഷനിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ കരാർ കാലാവധി പുതുക്കുന്നത് സംബന്ധിച്ച്.**

തീരുമാനം

നിലവിൽ ഐ.കെ.എം ഡെവലപ്പ്ചെയ്തുകൊണ്ടിരിക്കുന്ന സോഫ്റ്റ്‌വെയർ പ്രോജക്റ്റുകൾ തുടർന്ന് പോകേണ്ട അടിയന്തിര സാഹചര്യം നിലവിലുള്ളതിനാൽ സർക്കാർ ഉത്തരവിന് വിധേയമായി ശ്രീ.രജീഷ് വി ആർ, ശ്രീമതി.ശ്രീധന്യ ആർ ജി, ശ്രീ.ജോയ് ആർ എൽ, ശ്രീമതി.രജിത ജി എസ്, ശ്രീ.വിഷ്ണു എ ആർ എന്നിവരുടെ കരാർ കാലാവധി ഒരു ദിവസത്തെ ബ്രേക്ക് നൽകിയതിന് ശേഷം തുടരുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി അനുമതി നൽകി.

അജണ്ട -8

**വിഷയം: ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ചെലവഴിക്കാവുന്ന തുകയുടെ പരിധി വാങ്ങലുകൾക്ക് മാത്രം (purchase Only) ഗ്രൂപ്പ് II വകുപ്പ് തലവന്റെ Delegation of Financial Power അനുവദിച്ച് ഐ.കെ.എം സൊസൈറ്റിയുടെ ബൈലാ ഭേദഗതി ചെയ്യുന്നതിന് അനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച്.**

തീരുമാനം

ഗവേണിംഗ് ബോഡിയിൽ സമർപ്പിച്ച് ബൈലാ ഭേദഗതി ചെയ്യുന്നതിന് അനുമതി നൽകി.

അജണ്ട -9

**വിഷയം: 2018 - 2019 വർഷത്തെ വാർഷിക റിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം

2018-19 സാമ്പത്തിക വർഷത്തെ ആഡിറ്റ് റിപ്പോർട്ടിന്റെ അംഗീകാരത്തിന് വിധേയമായി 2018-19 വർഷത്തെ വാർഷിക റിപ്പോർട്ട് അംഗീകരിച്ചു.

അജണ്ട -10

**വിഷയം: 20~~20~~19-20~~19~~20 വർഷത്തെ പ്രവർത്തന റിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

**അംഗീകരിച്ചു.** ഐ.കെ.എം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

**അജണ്ട -11**

**വിഷയം: 2020-21 ലേക്ക് നിർദ്ദേശിക്കുന്ന ഭാവി പരിപാടി അംഗീകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

അംഗീകരിച്ചു.

**അജണ്ട -12**

**വിഷയം: ഡൊമൈൻ എക്സ്പേർട്ട്മാരെ ഐ.കെ.എമ്മിലേക്ക് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജോലിയിൽ പ്രവേശിപ്പിച്ച നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

കായംകുളം നഗരസഭയിലെ സൂപ്രണ്ടായ ശ്രീ. ജി എസ് അജികുമാറിനെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ 18.02.2019 മുതൽ 31.08.2019 വരെ ഐ.കെ.എമ്മിൽ ഡൊമൈയിൻ എക്സ്പർട്ടായി ജോലിയിൽ പ്രവേശിപ്പിച്ച നടപടിയും, കണ്ണൂർ നഗരസഭയിലെ സൂപ്രണ്ട് ശ്രീ.ജയപ്രകാശ്.ബി യെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ 09.10.2019 മുതൽ 15.09.2020 വരെ 11 മാസ കാലയളവിലേക്ക് ജോലിയിൽ പ്രവേശിപ്പിച്ച നടപടിക്കും സാധൂകരണം നൽകി.

**അജണ്ട -13**

**വിഷയം: ഐ.കെ.എം ചെയ്ത പ്രവർത്തനങ്ങളുടെ ഒരു റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

പ്രവർത്തന റിപ്പോർട്ട് അംഗീകരിച്ചു.

**അജണ്ട -14**

**വിഷയം: ഐ.കെ.എമ്മിന്റെ ഗവേണിംഗ് ബോഡി യോഗം കൂടുന്നത് സംബന്ധിച്ച്.**

**തീരുമാനം**

എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി.

**അഡീഷണൽ അജണ്ട**

**അജണ്ട-1**

വിഷയം: **ശ്രീ.മുരുകദാസും കൂട്ടരും ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(c)36595/2018 നമ്പർ കേസിൽ ഹാജരായ വകയിൽ അഡ്വ.ബിജു ബാലകൃഷ്ണനന് തുക നൽകുന്നത് സംബന്ധിച്ച്.**

**തീരുമാനം**

അംഗീകരിച്ചു.

യോഗം 1.30 ന് അവസാനിച്ചു.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**ഇൻഫർമേഷൻ കേരള മിഷൻ**
**(മെമ്പർ സെക്രട്ടറി)**

**പ്രിൻസിപ്പൽ സെക്രട്ടറി**
**തദ്ദേശ സ്വയംഭരണ വകുപ്പ്**
**(ചെയർപേഴ്സൺ)**